# അല്ലാഹുവിന്റെ സ്വിഫാത്തുകളെ നിഷേധിക്കുന്നവരുടെ മാർഗം

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* (رَحِمَهُ ٱللَّهُ)

**അവലംബ ഗ്രന്ഥം:** فتح رب ال ية بتلخيص ا موية

**വിവർത്തനം:** *ഹംസ ജമാലി*

തങ്ങളുടെ ബുദ്ധിയിൽ അനുയോജ്യമായിക്കാണുന്ന സിഫാത്തുകളെ മാത്രം സ്ഥിരീകരിക്കുകയും, ബുദ്ധിക്ക് അസ്വീകാര്യമായി തോന്നുന്നതിനെ സ്വീകരിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് സിഫത്തു നിഷേധികളുടെ ഐകകണ്ഠേനയുള്ള അഭിപ്രായം. ഇത് ഖുർആനിനും സുന്നത്തിനും സ്ഥിരപ്പെട്ടു വന്നതായാലും ശരി. അഥവാ ഇവരുടെയടുക്കൽ അല്ലാഹുവിന്ന് സിഫാത്തുകൾ സ്ഥിരീകരിക്കുന്നതും നിരാകരിക്കുന്നതുമെല്ലാം അവരുടെ ബുദ്ധിയാകുന്നു.

പിന്നീട്, സ്ഥിരീകരിക്കുന്നതിലും നിഷേധിക്കുന്നതിലും ബുദ്ധിക്ക് അനുയോജ്യമായി കാണാത്തവയിൽ അവർ ഭിന്നിക്കുകയുണ്ടായി. അങ്ങനെ അവരിലധികപേരും അത് നിഷേധിക്കുകയും അത് ആലങ്കാരികമാണെന്ന് വാദിക്കുകയും ചെയ്തു. മറ്റു ചിലർ അല്ലാഹുവിന്റെ സിഫത്തുകൾക്കർഹിക്കുന്ന അർത്ഥം നല്കാതെ അതിൽ മൗനം പാലിക്കുകയും അതിന്റെ അർത്ഥത്തെ അല്ലാഹുവിലേക്ക് വിടുകയും ചെയ്യുകയുണ്ടായി.

ബുദ്ധിപരവും പ്രമാണബദ്ധവുമായ തെളിവുകൾക്കിടയിൽ ഞങ്ങൾ മൗനം പാലിച്ചിരിക്കുന്നു വെന്നവർ ഇതിലൂടെ വാദിച്ചു കൊണ്ടിരിക്കുന്നു. പക്ഷേ യഥാർത്ഥത്തിലവർ കള്ളമാണ് പറഞ്ഞത്. കാരണം ബുദ്ധിപരവും പ്രമാണബദ്ധവുമായ തെളിവുകൾ അല്ലാഹുവിന്റെ പരിപൂർണമായ സിഫത്തുകളെ സ്ഥിരീകരിക്കുന്നതിൽ യോജിക്കുകയാണ് ചെയ്തിട്ടുള്ളത്. ഖുർആനിലും സുന്നത്തിലും വന്നിട്ടുള്ള അല്ലാഹുവിന്റെ എല്ലാ സിഫത്തുകളും-ബുദ്ധികൊണ്ട് അത് വിവരിക്കാൻ സാധ്യമല്ലെങ്കിൽപോലും- അത് ബുദ്ധിക്ക് വിരുദ്ധമല്ലാത്തതാകുന്നു.

ഇക്കൂട്ടരുടെ മാർഗം സൂറത്തുന്നിസാഇൽ അല്ലാഹു പറഞ്ഞവരോട് സാദൃശ്യമാകുന്നു.

أَلَمۡ تَرَ إِلَى ٱلَّذِينَ يَزۡعُمُونَ أَنَّهُمۡ ءَامَنُواْ بِمَآ أُنزِلَ إِلَيۡكَ وَمَآ أُنزِلَ مِن قَبۡلِكَ يُرِيدُونَ أَن يَتَحَاكَمُوٓاْ إِلَى ٱلطَّٰغُوتِ وَقَدۡ أُمِرُوٓاْ أَن يَكۡفُرُواْ بِهِۦ وَيُرِيدُ ٱلشَّيۡطَٰنُ أَن يُضِلَّهُمۡ ضَلَٰلَۢا بَعِيدٗا ﴿٦٠﴾ وَإِذَا قِيلَ لَهُمۡ تَعَالَوۡاْ إِلَىٰ مَآ أَنزَلَ ٱللَّهُ وَإِلَى ٱلرَّسُولِ رَأَيۡتَ ٱلۡمُنَٰفِقِينَ يَصُدُّونَ عَنكَ صُدُودٗا ﴿٦١﴾ فَكَيۡفَ إِذَآ أَصَٰبَتۡهُم مُّصِيبَةُۢ بِمَا قَدَّمَتۡ أَيۡدِيهِمۡ ثُمَّ جَآءُوكَ يَحۡلِفُونَ بِٱللَّهِ إِنۡ أَرَدۡنَآ إِلَّآ إِحۡسَٰنٗا وَتَوۡفِيقًا ﴿٦٢﴾

‘‘നിനക്ക് അവതരിപ്പിക്കപ്പെട്ടതിലും നിനക്കുമുമ്പ് അവതരിപ്പിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? ദുർമൂർത്തികളുടെ അടുത്തേക്ക് വിധിതേടിപ്പോകുവാനാണ് അവരുദ്ദേശിക്കുന്നത്. വാസ്തവത്തിൽ ദുർമൂർത്തികളെ അവിശ്വസിക്കുവാനാണ് അവർ കൽപിക്കപ്പെട്ടിട്ടുള്ളത്. പിശാച് അവരെ ബഹുദൂരം വഴിതെറ്റിക്കുവാനുദ്ദേശിക്കുകയാണ്. അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും

നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെവിട്ട് പാടെ പിന്തിരിഞ്ഞുപോകുന്നത് നിനക്ക് കാണാം. എന്നാൽ സ്വന്തം കൈകൾ ചെയ്തുവെച്ചതിന്റെ ഫലമായി അവർക്ക് വല്ല ആപത്തും ബാധിക്കുകയും അനന്തരം അവർ നിന്റെ അടുത്തുവന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞങ്ങൾ നന്മയും അനുരഞ്ജനവുമല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിരുന്നില്ല എന്ന് പറയുകയും ചെയ്യുമ്പോഴുള്ള സ്ഥിതി എങ്ങനെയായിരിക്കും?'' (അന്നിസാഅ്: 60-62)

താഴെ വരുന്ന കാരണങ്ങൾ കൊണ്ട് മേൽ ആയത്തിലെ വിഷയം ഇവരുടെ പ്രവർത്തിക്ക് യോജിക്കുന്നു.

**ഒന്ന്:** നബി(ﷺ)യ്ക്ക് അവതരിപ്പിക്കപ്പെട്ടതിലെല്ലാം ഇവർ വിശ്വസിക്കുന്നവരാണെന്ന് വാദിക്കുന്നവരാണെങ്കിലും ഇവർ അദ്ദേഹം കൊണ്ടുവന്നതെല്ലാം സ്വീകരിക്കുന്നവരല്ല.

**രണ്ട്:** ഖുർആനിലും സുന്നത്തിലും വന്നിട്ടുള്ള അല്ലാഹുവിന്റെ പരിപൂർണമായ സിഫത്തുകളെ വിശ്വസിക്കുന്നതിന് ഇവരെ ക്ഷണിക്കുകയാണെങ്കിൽ ആ കപട വിശ്വാസികളോട് അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് പറയപ്പെട്ടാൽ ആ കപട വിശ്വാസികൾ പിന്തിരിഞ്ഞു പോകുന്നതുപോലെ അവരും തിരിഞ്ഞുകളയുന്നതാകുന്നു.

**മൂന്ന്:** അല്ലാഹുവിന്റെ സിഫാത്തുകളെ നിഷേധിക്കുന്ന ഇവർക്ക് അനുകരിക്കുന്നതിനായി ചില ദുർമൂർത്തികളുണ്ട്. അല്ലാഹുവിന്റെ ദൂതൻ കൊണ്ടുവന്നതിനേക്കാൾ ഇവരുടെ ഈ ദുർമൂർത്തികൾക്കാണ് ഇവർ മുൻഗണന നല്കുന്നത്. മേൽപറഞ്ഞ കപടവിശ്വാസികളെ പോലെ തന്നെ ദുർമൂർത്തികളെ അവിശ്വസിക്കാനവരോട് കൽപിക്കപ്പെട്ടിട്ടും ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകുവാൻ ഉദ്ദേശിക്കുന്നതു പോലെത്തന്നെ അഭിപ്രായ ഭിന്നതകളുണ്ടാകുന്ന സന്ദർഭങ്ങളിൽ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുന്നതിനു പകരം ഇത്തരം ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകുവാനാണ് അവർ ഉദ്ദേശിക്കുന്നത്.

**നാല്:** മേൽപറഞ്ഞ കപടവിശ്വാസികൾ ''ഞങ്ങൾ നന്മയും അനുരഞ്ജനവുമല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിരുന്നില്ല'' എന്ന് സത്യം ചെയ്തുപറഞ്ഞതുപോലെ തന്നെ, സിഫാത്തു നിഷേധികളായ ഇവരുടെ ഈ വ്യാഖ്യാനംകൊണ്ട് അവർ നന്മയും ബുദ്ധിപരവും പ്രമാണബദ്ധവുമായ തെളിവുകൾക്കിടയിൽ യോജിപ്പിക്കലുമാണ് ഉദ്ദേശിക്കുന്നതെന്ന് വാദിക്കുന്നു.

ഇങ്ങനെയാണ് എല്ലാ കള്ളവാദികളും അവരുടെ വ്യാജവാദങ്ങളെ മറച്ചുവെക്കുകയും തനിനിറം പ്രകടിപ്പിക്കുകയും ചെയ്യാറുള്ളത്. അബദ്ധം നിറഞ്ഞ വാദങ്ങളാണ് ഇവർ ഉന്നയിക്കാറുള്ളത്. പക്ഷേ അല്ലാഹു ഏതൊരാൾക്ക് അറിവും ജ്ഞാനവും ഗ്രാഹ്യശക്തിയും സന്മനസ്സും നല്കിയോ അവരെ അസത്യങ്ങൾക്കോ പൊള്ളവാദങ്ങൾക്കോ ആശയക്കുഴപ്പത്തിലാക്കാൻ സാധ്യമല്ല.

**അല്ലാഹുവിന്റെ സിഫാത്തുകളെ നിഷേധിക്കുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ**

അല്ലാഹുവിന്റെ സിഫാത്തുകളെ നിഷേധിക്കുന്നതുകൊണ്ട് നിർബന്ധമായും താഴെ വരുന്ന അപകടങ്ങൾ ഉണ്ടാകുന്നതാണ്.

1. വിശുദ്ധഖുർആനും തിരുസുന്നത്തും, സത്യനിഷേധവും അതിലേക്കുള്ള ക്ഷണവും അടങ്ങിയതാണെന്ന് വരും. കാരണം സിഫാത്ത് നിഷേധികൾ അല്ലാഹുവിന്റെ സിഫത്തുകൾ സ്ഥിരീകരിക്കുന്നത് (إثبات صفات الله) അവനെ സാദൃശ്യപ്പെടുത്തലും (تمثيل) കുഫ്റുമാണെന്ന് (كفر) വാദിക്കുന്നതായ സിഫത്തുകൾ ഇവ രണ്ടിലും നിറഞ്ഞു നില്ക്കുന്നു.

2. വിശുദ്ധഖുർആനും തിരുസുന്നത്തും സത്യം വ്യക്തമാക്കിയിട്ടില്ല. കാരണം അല്ലാഹുവിന്റെ സിഫത്തുകളെ നിഷേധിക്കലാണല്ലോ ഇക്കൂട്ടർ സത്യമായി കാണുന്നത്. വിശുദ്ധഖുർആനിന്റെയോ

തിരുസുന്നത്തിന്റെയോ മൂലവാക്യത്തിലോ ബാഹ്യാർത്ഥത്തിലോ അല്ലാഹുവിന്റെ പരിപൂർണമായ സിഫാത്തുകളെ നിഷേധിക്കുന്നതായി അറിയിക്കുന്ന യാതൊരു രേഖയുമില്ല.

هَلۡ تَعۡلَمُ لَهُۥ سَمِيّٗا

''അവന്ന്(അല്ലാഹുവിന്ന്) പേരൊത്ത ആരെയെങ്കിലും നിനക്കറിയുമോ?'' (മർയം:65)

وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ

''അവനു തുല്യനായി ആരും ഇല്ലതാനും.'' (അൽ ഇഖ്ലാസ്: 4)

തുടങ്ങിയ ആയത്തുകളിൽ നിന്നും അല്ലാഹുവിന്റെ വിശേഷണങ്ങളെ അവൻ നിഷേധിക്കലാണെന്ന് അനുമാനിക്കലാകുന്നു ഇവരിലെ വിദ്യാഗർവികളുടെ ലക്ഷ്യം.

എന്നാൽ മേലുദ്ധരിച്ചതുപോലുള്ള ഖുർആനിന്റെ മൂലവാക്യങ്ങളിൽ നിന്നും ബുദ്ധിയുള്ള ഏതൊരാൾക്കും അവ അല്ലാഹുവിന്റെ പരിപൂർണതയെ സ്ഥിരീകരിക്കുന്നതാണെന്നും അവന്റെ വിശേഷണങ്ങൾക്ക് തുല്യമായി ആരുമില്ലെന്നുമാണ് മനസ്സിലാവുക. അല്ലാഹുവിന്റെ വിശേഷണങ്ങളെ നിരാകരിക്കലാണ് ഇതുകൊണ്ട് ലക്ഷ്യമെന്ന് ഒരാളും മനസ്സിലാക്കുകയില്ല. അപ്പോൾ ഇത്തരം വചനങ്ങൾ അല്ലാഹുവിന്റെ സിഫത്തുകളെ നിഷേധിക്കുന്നവയാണെന്ന് പറയുന്നവർ ഒന്നുകിൽ അവന്റെ വചനത്തിന് ഗൂഢാർത്ഥം കണ്ടുപിടിക്കുകയോ അതിനെ മറച്ചുവെക്കുകയോ അതല്ലെങ്കിൽ വിവരിക്കാൻ കഴിയാത്തവനോ ആയിരിക്കുന്നതാണ്. ഇവയൊന്നും തന്നെ അല്ലാഹുവിന്റെയോ അവന്റെ പ്രവാചകന്റെയോ വചനങ്ങളിൽ വരാൻ പാടില്ലാത്തതാകുന്നു. കാരണം ഖുർആനും പ്രവാചകചര്യയും പൂർണമായ വിവരണവും ഉദ്ദേശ്യവും ഉൾക്കൊള്ളുന്നതാകുന്നു. മറിച്ച് സൃഷ്ടികളെ പിഴപ്പിക്കലോ അന്ധകാരത്തിലാക്കലോ അല്ല അവയുടെ ലക്ഷ്യം. അതിന്റെ വിശദീകരണത്തിലോ വിവരണത്തിലോ യാതൊരു കുറവുകളുമില്ല.

**മൂന്ന്:** മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ടുവന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും അസത്യം പറയുന്നവരും സത്യം മൂടിവെക്കുന്നവരും, അവർ ഈ വിഷയ സംബന്ധമായി വിവരമില്ലാത്തവരുമായിരുന്നു എന്നാണ് ഇവരുടെ ജൽപനം മുഖേന വന്നുചേരുക. സിഫാത്തു നിഷേധികൾ അസത്യമാണെന്ന് വാദിക്കുന്ന ഈ സിഫാത്തുകൾ പൂർണമായും അല്ലാഹുവിന്നുണ്ടെന്ന് അവരിൽ നിന്ന് അനിഷേധ്യമാംവിധം (മുതവാതിറായി) ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഒരിക്കൽ പോലും അവർ നിഷേധികളുടെ വാദമായ അല്ലാഹുവിന്റെ സിഫാത്തുകളെ നിഷേധിച്ചു സംസാരിക്കുകയുണ്ടായിട്ടില്ല. ഇങ്ങനെ ഉണ്ടാവുക എന്നത് ഉത്തമ നൂറ്റാണ്ടുകാരും ഈ സമുദായത്തിലെ ഉന്നതരുമായവരെ സംബന്ധിച്ചിടത്തോളം അസംഭവ്യ മാകുന്നു.

**നാല്:** അല്ലാഹുവിന്റെ പരിപൂർണമായ സിഫത്തുകളിൽ ഏതെങ്കിലുമൊന്ന് ഇല്ലാതാകുക യാണെങ്കിൽ നിർബന്ധമായും അവന്ന് അപൂർണമായ വിശേഷണമുണ്ടെന്നുവരുന്നു. കാരണം അസ്തിത്വമുള്ള എല്ലാറ്റിനും അതിന്റേതായ വിശേഷണങ്ങളുണ്ട്. ആ വിശേഷണം ഇല്ലാതാകുകയാണെങ്കിൽ അതിനു വിരുദ്ധമായ ന്യൂനതയുടെ വിശേഷണമാണ് പിന്നീടുണ്ടാകുക. അതോടെ സിഫാത്തു നിഷേധികളുടെ കാര്യം അവർക്കു വിപരീതമായിത്തീരുകയും ഏതൊരു തിന്മയിൽ നിന്നാണോ അവർ പേടിച്ചോടുന്നത് അതിൽതന്നെ അവർ വീഴുകയും ചെയ്യുന്നു.

**സിഫാത്തു നിഷേധികൾ അവലംബിക്കാറുള്ള പുൽകൊടികൾ**

ശരിയായ അറിവും ഗ്രാഹ്യശക്തിയും അല്ലാഹു നല്കിയിരിക്കുന്ന എല്ലാവർക്കും എളുപ്പത്തിൽ മന സ്സിലാക്കാൻ കഴിയുന്ന അബദ്ധജഢിലമായ ചില വാറോലകളെയാണ് സിഫാത്തുനിഷേധികൾ അവലംബിക്കാറുള്ളത്.

സാധാരണ അവർ അവലംബിക്കാറുള്ളത് താഴെ പറയുന്നവയാണ്.

1. അവരുടെ വാദത്തിന് തെളിവായി ഇജ്മാഉണ്ടെന്നോ അല്ലെങ്കിൽ അവരുടെ വാദമാണ് യഥാർത്ഥമായതെന്നോ തെളിയിക്കപ്പെട്ടിരിക്കുന്നതെന്നോ അല്ലെങ്കിൽ സൂക്ഷമജ്ഞാനികൾ അംഗീകാരം നല്കിയതെന്നോ പോലുള്ള കള്ള വാദങ്ങൾ.

2. അല്ലാഹുവിന് സിഫത്തുകൾ സ്ഥിരീകരിക്കുന്നത് അവന് സാദൃശ്യപ്പെടുത്തൽ നിർബന്ധമായിത്തീരുന്നുവെന്ന തെറ്റുധാരണ. കാരണം സിഫാത്തുകൾ[1] പദാർഥത്തിന്റെ ഗുണങ്ങളാണ്. അത് നിലനില്ക്കണമെങ്കിൽ ശരീരത്തിന്റെ സഹായമാവശ്യമായി വരുന്നു. അതാകട്ടെ അവനെ സാദൃശ്യപ്പെടുത്തലുമാണ്.

3. അല്ലാഹുവിലേക്ക് ചേർത്തു പറയാൻ പറ്റുന്നതും അല്ലാത്തതുമായ പല അർത്ഥങ്ങളുമുള്ള പദങ്ങളിൽ പിടിച്ചു തൂങ്ങുക. ഉദാഹണത്തിന് ശരീരം (الجسم), അല്ലാഹുവുള്ള സ്ഥലം (الحَيِّز), ഭാഗം (الجهة) എന്നിവ അല്ലാഹുവിന്ന് ഇല്ല എന്ന് മൊത്തത്തിൽ നിഷേധിക്കുന്നതുമൂലം അവന്റെ സിഫത്തുകളെ നിഷേധിക്കുകയാകുന്നു.[2]

അവരുടെ ഇത്തരം വാറോലകളെക്കുറിച്ചറിയാത്തവർക്ക് സത്യമാണെന്ന് തോന്നത്തക്ക നിലയിൽ അത്ഭുതകരമായ വാചകങ്ങൾകൊണ്ട് വളരെ ഭംഗിയായ ശൈലിയിൽ അവർ വിവരിക്കുന്നതായിക്കാണാം. എന്നാൽ വിഷയം പരിശോധിക്കുകയാണെങ്കിൽ അത് പൊള്ളയാണെന്ന് ബോധ്യമാകുന്നതാണ്. ഒരു കവി പറഞ്ഞതുപോലെ:

حجج تَهافَتُ كالزجاج تخالها، حقاً وكلُّ كاسرٌ مكسورٌ

''യഥാർത്ഥമാണെന്ന് നീ കരുതുന്ന തെളിവുകൾ സ്ഫടികംപോലെ ഒന്നൊന്നായി വീണിരിക്കുന്നു. തകർക്കുന്നവയൊക്കെയും തകർക്കപ്പെടുന്നതുമാണ്''

**മേൽപറഞ്ഞ വാദഗതികൾക്കുള്ള ഖണ്ഡനം**

**ഒന്ന്:** അവർ അല്ലാഹുവിന് നിഷേധിച്ചതിന് സമാനമായതിനെ അവർ തന്നെ അവന് സ്ഥിരീകരിക്കുന്നു.

**രണ്ട്:** അവരുടെ വാദങ്ങൾ പരസ്പര വിരുദ്ധവും ആശയക്കുഴപ്പം നിറഞ്ഞതുമാകുന്നു. ഉദാഹരണത്തിന് അവരിലൊരോ വിഭാഗവും വാദിക്കുന്ന ഒന്നാകുന്നു, ബുദ്ധിയുടെ തേട്ടമനുസരിച്ച് വ്യാഖ്യാനിക്കൽ നിർബന്ധമാണ് എന്നത്. മറ്റൊരിടത്ത് അവരത് ഖണ്ഡിക്കുകയും ചെയ്യുന്നു.

---

[1] സിഫത്തുകൾ അല്ലാഹുവിന്റെ ദാത്തി(സത്തയിൽ)ലുള്ളതല്ല, മറിച്ച് അവ ആകസ്മികമായി വരുന്നതാകുന്നു വെന്നാണിവരുടെ വിശ്വാസം.

[2] അല്ലാഹുവിന്റെ ദിശയെക്കുറിച്ച് പറയുന്ന ഭാഗവും ( http://salafivoice.com/classroom/Disha_Jihath.pdf ) അല്ലാഹുവിന്റെ ദേഹത്തെക്കുറിച്ച് പറയുന്ന ഭാഗവും ( http://salafivoice.com/classroom/Allahuvinte_Simhasanarohanam.pdf ) നോക്കുക. അല്ലാഹുവുള്ള സ്ഥലം (الحَيِّز) സൃഷ്ടികൾ അല്ലാഹുവിനെ ഉൾക്കൊള്ളുന്നുവെന്നാണ് ഇതുകൊണ്ടുദ്ദേശിക്കപ്പെടുന്നതെങ്കിൽ അത് അസംഭവ്യമാകുന്നു. മറിച്ച് അല്ലാഹു സൃഷ്ടികളിൽ നിന്നും വേറിട്ടുനില്ക്കുന്നവനാണ് എന്നാണ് ഉദ്ദേശിക്കപ്പെടുന്നതെങ്കിൽ അത് ശരിയുമാകുന്നു.

ഇങ്ങനെ വാദങ്ങൾ പരസ്പരവിരുദ്ധമാകുന്നത് തന്നെ അവരുടെ വാദം പൊള്ളയാണെന്നതിന് മതിയായ തെളിവാകുന്നു.

**മൂന്ന്:** അവർ സ്ഥാപിക്കാൻ ശ്രമിക്കുന്നതിന് അവരുടെ പക്കൽ ശരിയായ രേഖയുടെ പിൻബലമില്ല. ശരിയായ രേഖയുടെ പിൻബലമില്ലാത്തത് അവരുടെ പൊള്ളവാദത്തെയാണറിയിക്കുന്നത്.

**നാല്:** അല്ലാഹുവിന്റെ സിഫാത്തുകൾ വിവരിക്കുന്നതിൽ വന്നിട്ടുള്ള പ്രമാണങ്ങൾ വ്യാഖ്യാനമർഹിക്കുന്നില്ല. ഇനി അതിലെ ചിലത് വ്യാഖ്യാനിക്കേണ്ടതുണ്ടെങ്കിൽ തന്നെ അവയുടെ പ്രത്യക്ഷമായ അർത്ഥം നല്കുന്നതിന് അത് തടസ്സമാകുന്നില്ലതാനും.

**അഞ്ച്:** അല്ലാഹുവിന്റെ സിഫത്തുകളെക്കുറിച്ച് പരിശുദ്ധ ഇസ്ലാമിൽ നിന്നാണ് നാം അറിയേണ്ടത്. അത് പ്രവാചകൻ(ﷺ)യാണ് നമ്മെ പഠിപ്പിച്ചത്. എന്നിരിക്കെ അതിനെ വ്യാഖ്യാനിക്കൽ ഖറാമിത്വകളും, ബാത്വിനിയാക്കളും[3] നമസ്കാരം, നോമ്പ്, ഹജ്ജുപോലുള്ളവയെ വ്യാഖ്യാനിച്ചതു പോലെയാകുന്നു.

**ആറ്:** ദേഹേച്ഛകൾക്കടിമപ്പെടാത്ത ബുദ്ധി, ദൈവിക വിശേഷണങ്ങളെക്കുറിച്ച് വന്ന മൂലവാക്യങ്ങൾ ഉൾക്കൊള്ളാൻ തടസ്സമാകുന്നില്ല. മറിച്ച് അവ മനസ്സാ, വാചാ, കർമണാ അംഗീകരിക്കുകയാണ് ചെയ്യുക. ഒരു പക്ഷേ ഈ മൂലവാക്യങ്ങൾ തന്റെ ബുദ്ധികൊണ്ട് വിശദമായി മനസ്സിലാക്കാൻ സാധിച്ചു കൊള്ളണമെന്നില്ല. അല്ലെങ്കിലും ബുദ്ധികൊണ്ട് ഗവേഷണം നടത്തി ദൈവികതയിലേക്ക് എത്തിച്ചേരാൻ സാധിക്കുകയില്ല എന്നത് ഇക്കൂട്ടരിലെ മഹാപണ്ഡിതന്മാർപോലും സശിരകമ്പം സമ്മതിച്ചതായിക്കാണാം. അതിനാൽ ദൈവപ്രോക്തമായ വചനങ്ങൾ പ്രവാചകതിരുമേനി പഠിപ്പിച്ചതുപോലെ ദുർവ്യാഖ്യാനം കൂടാതെ അംഗീകരിക്കലാണ് യഥാർഥബുദ്ധി.

[3] കൂഫയിലാണീ പ്രസ്ഥാനത്തിന് തുടക്കമെന്ന് പറയപ്പെടുന്നു. 278ൽ തത്വചിന്തകരെ പിന്തുടർന്നിരുന്ന നിർമ്മതവാദികളാണിവർ. സറാദശ്ത്, മസ്ദഖ് എന്നിവർക്ക് നുബുവ്വത്തുണ്ടെന്നിവർ വാദിക്കുകയുണ്ടായി. ശിആക്കളിൽനിന്നുടലെടുത്ത ഈ വർഗം മുസ്ലിം ലോകത്തിന്റെ നാശത്തിനും അത്യാഹിതത്തിനുമിടയാക്കി. ഇസ്മാഈലുൽ അഅ്റജുബ്നു ജഅ്ഫർ സാദിഖിലേക്ക് ചേർത്തുകൊണ്ട് ഇസ്മാഇലിയാക്കൾ എന്നും ബാത്വിനിയാക്കളെന്നും പറയപ്പെടാറുണ്ട്. (അൽബിദായ: വന്നിഹായ: 11/71)